# മുഹമ്മദും വിമർശകരും

**ഫിലിപ്പ് കെ. ഹിറ്റി**

**പേരെടുത്ത** ഓറിയന്റലിസ്റ്റും അറബി ചരിത്രരചയിതാവുമാണ് ഹിറ്റി. ഇസ്‌ലാമിനെക്കുറിച്ചും പ്രവാചകനെക്കുറിച്ചുമുള്ള അദ്ദേഹത്തിന്റെ വീക്ഷണങ്ങൾ വികലവും പക്ഷപാതപരവുമാണ്. ഒരു ചരിത്രകാരനുണ്ടാവേണ്ട തുറന്ന മനസ്സ് അദ്ദേഹത്തിനുണ്ടായിരുന്നോ എന്നുതന്നെ സംശയമാണ്. എന്നാൽ അദ്ദേഹത്തിന് തന്നെ പറയേണ്ടിവരുന്ന ചില കാര്യങ്ങളുണ്ട്. 'ഇസ്‌ലാം ഒരു ജീവിതമാർഗം' എന്ന ഗ്രന്ഥത്തിൽനിന്നുള്ള ഒരു ഭാഗമാണ് ചുവടെ: **വിവ: യാസീൻ അശ്‌റഫ്**

**മധ്യകാലഘട്ടത്തിലെ** ക്രിസ്ത്യാനികൾ മുഹമ്മദിനെ തെറ്റിദ്ധരിക്കുകയും കൊള്ളരുതാത്തവനായി ഗണിക്കുകയും ചെയ്തു. അതിനുള്ള കാരണങ്ങൾ കൂടുതലും ചരിത്രപരം-സാമ്പത്തികവും രാഷ്ട്രീയവും- ആയിരുന്നു; ആദർശപരമല്ല. ഒമ്പതാം നൂറ്റാണ്ടുകാരനായ ഒരു ഗ്രീക്ക് ചരിത്രകാരൻ വരച്ചുവെച്ച വ്യാജപ്രവാചകനും കപടനുമെന്ന ചിത്രം പിന്നീട് പൊടിപ്പും തൊങ്ങലും വെച്ച് പലരും മുഴപ്പിച്ചു. വിഷയാസക്തിയുടെയും ദുർനടപ്പിന്റെയും രക്തദാഹത്തിന്റെയും കൊള്ളശീലത്തിന്റെയുമൊക്കെ കടുഞ്ചായങ്ങൾ കൊണ്ട് അവരതിന് പകിട്ടു നൽകി. പാതിരിമാർക്കിടയിൽ മുഹമ്മദ് ഒരു അന്തിക്രിസ്തുവായി. അദ്ദേഹത്തിന്റെ മൃതശരീരം ഭൂമിക്കും സ്വർഗത്തിനുമിടയിലെവിടെയോ തൂക്കിയിട്ടിരിക്കയാണെന്നവർ വിശ്വസിച്ചു; ദാന്തയാകട്ടെ അദ്ദേഹത്തിന്റെ ശരീരം രണ്ടായി മുറിച്ചു. അഭിശപ്തരെയും മതത്തിൽ ഛിദ്രതയുണ്ടാക്കുന്നവരെയും ഇടുന്ന ഒമ്പതാം നരകത്തിലേക്കയച്ചു.

പാശ്ചാത്യ കഥാകാരന്മാർ 'മൗമദി'നെ (Maumet) വിഗ്രഹമെന്ന അർഥത്തിൽ ഉപയോഗിച്ചു; പിന്നീടതിന് 'പാവ', 'ബൊമ്മ' എന്നെല്ലാമുള്ള അർഥം കിട്ടി. ഷേക്സ്പിയറിന്റെ 'റോമിയോ ആന്റ് ജൂലിയറ്റി'ൽ ഈയർഥത്തിൽ അത് പ്രയോഗിച്ചിട്ടുണ്ട്. 'മുഹമ്മദി'ന്റെ മറ്റൊരു ലുപ്ത രൂപമായ 'മഹൗൻ' (Mahoun) മധ്യകാല ഇംഗ്ലീഷ് നാടകങ്ങളിൽ പൂജാവിഗ്രഹമായി. ഏറ്റവും വലിയ വിഗ്രഹഭഞ്ജകൻ, ദൈവത്തിന്റെ ഏകത്വത്തിന്റെ മുഖ്യവക്താവ്, ഒരു ആരാധനാമൂർത്തിയായിത്തീർന്നത് വമ്പിച്ച വൈപരീത്യം തന്നെ.

പ്രവാചകന്റെ അനുയായികൾ അദ്ദേഹത്തിന്റെ ഗുണങ്ങൾ പൊലിപ്പിച്ചപ്പോൾ മറ്റുള്ളവർ അവ പാടെ നിഷേധിച്ചു. അദ്ദേഹമാകട്ടെ ഖുർആനാകട്ടെ, മുഹമ്മദ് മനുഷ്യനിൽ കൂടുതലെന്തെങ്കിലുമാണെന്ന് അവകാശപ്പെട്ടില്ല. പക്ഷേ, വിശ്വാസികൾ മനുഷ്യകുലത്തിൽനിന്നും ഉയർത്തി അദ്ദേഹത്തിന് അമാനുഷിക ശക്തി അനുവദിച്ചു നൽകി. നാടൻ വിശ്വാസം അദ്ദേഹത്തെ ദിവ്യത്വത്തിന്റെ പരിവേഷമണിയിച്ചു.

മുഹമ്മദിന് അസാധാരണമായ നൈസർഗികഗുണമോ പ്രത്യേക അധികാരമോ ഉണ്ടായിരുന്നില്ല. അദ്ദേഹം ദിവ്യവചനത്തിന്റെ വാഹകൻ മാത്രമായിരുന്നു....

ആധുനിക എഴുത്തുകാരിൽ ചിലർ മുഹമ്മദെന്ന നായകനെ ഇടിച്ചുതാഴ്ത്തലിനും മുഹമ്മദെന്ന ഭർത്താവിനെ മനശ്ശാസ്ത്ര വിശകലനത്തിനും വിധേയനാക്കാൻ മുതിർന്നിരിക്കുന്നു. പക്ഷാപാതപരവും ഊഹാധിഷ്ഠിതവുമായ അഭിമതങ്ങളുടെ കൂമ്പാരത്തിനു മേൽ അങ്ങനെ കുറെ വ്യാജശാസ്ത്ര വിധികളും അവർ കൂട്ടിയിരിക്കുന്നു. അദ്ദേഹം അനുഭവിച്ച വെളിപാടിന്റെ അനുഭൂതികൾ വെറും അപസ്മാരബാധകളായിരുന്നുപോൽ. (പ്രിൻസ്ടണിൽനിന്ന് വളരെ ദൂരെയല്ലാതെ ഒരു അപസ്മാര കോളനിയുണ്ട്; അവിടെയാരും ഇന്നേവരെ പ്രവാചകനായിട്ടില്ല)........

വാസ്തവത്തിൽ മുഹമ്മദിന്റെ സ്വഭാവം മറ്റെവിടത്തെക്കാളും സത്യസന്ധമായി വർണിക്കപ്പെട്ടിട്ടുള്ളത് ഖുർആനിലാണ്. അദ്ദേഹം ചെയ്ത യുദ്ധങ്ങൾ, എടുത്ത തീരുമാനങ്ങൾ, വരിച്ച നേട്ടങ്ങൾ- എല്ലാം സംശയാതീതമായി കാണിക്കുന്നത് ഒരു കരുത്തുറ്റ വ്യക്തിത്വത്തെയും ദൃഢമായ ബോധ്യങ്ങളെയും, ആത്മസമർപ്പണത്തെയും, നേതാക്കൾക്കുവേണ്ട മറ്റുഗുണങ്ങളെയുമാണ്. അനാഥനായിരുന്ന അദ്ദേഹം എന്നും അവശ വിഭാഗത്തോട് സഹാനുഭൂതി കാട്ടി........